നം.റ്റിഎ.(1)24602/2017

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
തീയതി: 30/05/2017

## സർക്കുലർ

വിഷയം: വാർഷിക പദ്ധതി 2017-18 - പദ്ധതി പ്രവർത്തനങ്ങള് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങള് നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1.07/12/2016 - ല് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നെൽ കൃഷിക്കായി നടത്തിയ ശിൽപ്പശാലയുടെ മിനുട്ട്സിൽ നൽകിയ നിർദേശങ്ങൾ.
2.20/04/2017 - ന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സമേതിയിൽവച്ച് കൂടിയ യോഗം.
3.12/05/2017 - ലെ 97/പിബി2/2017/കൃഷി നമ്പർ സർക്കാർ കത്ത്.

2017-18 വാർഷിക പദ്ധതികള് സമയബന്ധിതമായി നടപ്പിലാക്കുന്നതോടൊപ്പം താഴെപറയുന്ന നിർദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

1. സൂചന (1)-ന്ന് പ്രകാരം ഭൌതിക പരിശോധനസർവ്വേ നടത്തി പ്ലാനിങ്ങ്ബോർഡ് നൽകിയ പ്രൊഫോർമയില് എല്ലാ കൃഷിഭവനുകളിലും നെൽകൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം, തരിശിട്ടിരിക്കുന്ന സ്ഥലം, മറ്റ് കാർഷികാവശ്യങ്ങൾക്കായി മാറ്റിക്കഴിഞ്ഞവ എന്നിവിവരങ്ങള്ക്കൊപ്പം പഞ്ചായത്ത് തലത്തില് വിളതിരിച്ചുള്ള മാപ്പും പ്രദർശിപ്പിക്കാന് നിർദേശം നൽകിയിരുന്നു. ഇപ്രകാരം അടിസ്ഥാന വിവരങ്ങള് നിർദിഷ്ട പ്രൊഫോർമയില് പഞ്ചായത്ത് തലത്തില് വിളതിരിച്ചുള്ള മാപ്പ് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പല് കൃഷി ഓഫീസർമാര് ഉറപ്പുവരുത്തേണ്ടതാണ്.

2. ഒരു പൂ കൃഷി ചെയ്യുന്ന സ്ഥലത്ത് ഇരു പൂകൃഷിയും ഇരുപൂ കൃഷിചെയ്യുന്നിടത് മൂന്നുപൂ കൃഷിയും നടത്തുവാനുള്ള സാധ്യത പരിശോധിച്ച് നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്ത് 10000 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ പാടശേഖത്തിലെയും, കരനെൽഉൾപ്പടെയുള്ള നെൽകൃഷിയുടെ വിസ്ത്രിതി, നെല്ലിന്റെ ഇനം, കർഷകരുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആക്ഷൻ കലണ്ടർ തയ്യാറാക്കി അതിനു വേണ്ട വിത്ത് ഉൾപ്പടെയുള്ള ഉൽപ്പാദനോപാദികള് സംഘടിപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനും മുൻകൂറായി നടപടികള് കൃഷി ഭവന് തലത്തില് സ്വീകരിക്കേണ്ടതാണ്

3. വരൾച്ച സാഹചര്യങ്ങളില് ഉപ്പുവെള്ളം മൂലം കൃഷി നശിക്കാന് സാധ്യതുള്ള സ്ഥലങ്ങളിൽ "സാൾട്ട് റെസിസ്റ്റന്റ്" നെൽവിത്തിനങ്ങള് കർഷകർക്കിടയില് പ്രോത്സാഹിപ്പിക്കണം.

4. അടുത്ത 4 വർഷംകൊണ്ട് നെൽകൃഷി വിസ്തീർണം സംസ്ഥാനത്ത് 3 ലക്ഷം ഹെക്ടർ ആക്കുവാനുള്ള നടപടികള് ജില്ലാ തലത്തിലും താഴെതട്ടിലും സ്വീകരിക്കണം.

i. അതോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളില് നെൽ കൃഷി വികസന പദ്ധതികൾക്ക് ഊന്നല് നൽകി നടപ്പിലക്കേണ്ടതാണ്. കൂടാതെ കൃഷി വകുപ്പിന്റെ നെല് കൃഷി വികസന പദ്ധതിപ്രകാരം ബ്ലോക്ക്തലത്തില് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാര് നടപ്പിലാക്കുന്ന പ്രൊജക്റ്റ് അടിസ്ഥാനത്തിലുള്ള പദ്ധതികളും ഇതോടൊപ്പം ആവശ്യമുള്ള പക്ഷം ഏകോപിപ്പിച്ച് നടപ്പിലാക്കണമെന്ന് നിർദേശിക്കുന്നു.

ii. പ്രത്യേക നെല്ലിന്റെ കാർഷിക സോണില് വരുന്ന കുട്ടനാട്, ഓണാട്ടുകര,പൊക്കാളി, കോൾ, പാലക്കാട്, വയനാട്, കൈപ്പാട് പ്രദേശങ്ങളിൽ പ്രാദേശികതല പ്രൊജക്റ്റുകള് ആവിഷ്കരിക്കുമ്പോൾ നിലവിലെ നെൽകൃഷി വികസന പദ്ധതി ഘടകമായ റൈസ് ഇന്നോവേഷന്, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട് എന്നിവയുമായി സംയോജിപ്പിച്ച്കൊണ്ട് ആവശ്യമുള്ള പ്രോജെക്റ്റുകള് വിഭാവനം ചെയ്ത് നടപ്പിലക്കേണ്ടതാണ്.

iii. വയനാട് ജില്ലയിൽ പരമ്പരാഗത നെൽവിത്തിനങ്ങള് നിലനിർത്തുന്നതിനം പുതിയ വിത്തിനങ്ങളുടെ സാധ്യതയും ഉറപ്പുവരുത്തുവാനുള്ള പ്രത്യേക പദ്ധതി കാർഷിക സർവകലാശാല മുഖാന്തിരം നടപ്പിലാക്കുന്നതാണ്.

iv. ഇപ്രകാരം എല്ലാ ജില്ലകളിലും നെൽകൃഷി ചെയ്യാന് സാധിക്കുന്ന സ്ഥലത്ത് നെൽകൃഷി നിലനിർത്തുന്നതോടൊപ്പം പുതുതായി നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപ്പിലക്കേണ്ടതാണ്.

v. നെൽപാടങ്ങളിൽ നെൽ കൃഷിക്ക് ശേഷം പയർ, ഉഴുന്ന്, കൂവ, എള്ള് എന്നിവ കൃഷിയിറക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലെ ജില്ലതല പദ്ധതികൾ, ആത്മ എന്നിവയിലെ ഘടകങ്ങൾ നടപ്പിലാക്കുന്നതിനും, വിത്ത്, ഉൽപ്പാദനോപാധികള് മുൻകൂട്ടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ജില്ലകളില് നെല്പാടങ്ങള് ഒരു കാരണവശാലും തരിശായിക്കിടക്കാതിരിക്കാന് വേണ്ടനടപടികൾ സ്വീകരിക്കേണ്ടതും ആണ്.

5. ജില്ല തലത്തിൽ എികനോമിക്സ് & സ്റ്റേറ്റിസ്റ്റിക് വകുപ്പുമായി ഏകോപിച്ച് . നെൽപ്പാടങ്ങളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ സമയാസമയങ്ങളില് തിട്ടപ്പെടുത്തേണ്ടതും അവ ജില്ല പ്രിൻസിപ്പല് കൃഷി ഓഫീസര് മുഖാന്തിരം കൃഷി ഡയറക്ടർക്ക് നൽകേണ്ടതും ആകുന്നു.

ഒപ്പ്

കൃഷി ഡയറക്ടർ

JANARDHANAN.S
Additional Director of Agriculture (CP)
Directorate of Agriculture and
Farmer's Welfare Department
Vikas Bhavan, Thiruvananthapuram-33

പകർപ്പ്: കൃഷി ഡയറക്ടറുടെ റ്റി.എ
കൃഷി അഡിഷണൽ ഡയറക്ടര് (സിപി)
എല്ലാ പ്രിൻസിപ്പല് കൃഷി ഓഫീസർമാർക്കും

ഐ. റ്റി. സെൽ
വെബ് സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുവേണ്ടി